# നുറുങ്ങുകൾ

കഥകളി അനാവരണം ചെയ്യുന്ന അനുഭവലോകം വളരെ വിപുലമാണ്. കഥകളിയുടെ ശക്തിയും സ്വാധീനവും വെളിവാക്കുന്ന അനേകം കഥകൾ ഐതിഹ്യങ്ങൾ പോലെ മലയാളിമനസ്സിൽ പതിഞ്ഞുകിടക്കുന്നു. അവയിൽ നടന്മാർക്ക് സമൂഹം നല്കിയ അമാനുഷപരിവേഷം വെളിവാക്കുന്നവയുണ്ട്; കഥകളി ഭ്രാന്തന്മാരുടെ ആവേശത്തിന്റെ കഥകളുണ്ട്; കഥകളിയുടെ തന്നെ സങ്കേതങ്ങൾ അനാവരണം ചെയ്യുന്നവയുമുണ്ട്. നർമ്മം, പരിഹാസം, വിമർശം ഒക്കെ ഈ കഥകളിലടങ്ങിയിരിക്കുന്നു.

പഴഞ്ചൊല്ല് പോലെ കഥകളിയുമായി ബന്ധപ്പെട്ട അനേകം ശൈലികൾ മലയാളിയുടെ വാമൊഴിയിലുണ്ട്. 'കഥയറിയാതെ ആട്ടം കാണരുത്' എന്ന് എത്രയോ സന്ദർഭങ്ങളിൽ നാം പറയാറുണ്ട്. നിത്യവ്യവഹാരത്തിലുള്ള ഇത്തരം ചൊല്ലുകൾ നമ്മുടെ ദൈനംദിന ജീവിതം കഥകളിയുമായി എത്രമാത്രം ബന്ധപ്പെട്ടുകിടക്കുന്നു എന്ന് വ്യക്തമാക്കുന്നു.

തലമുറകളുടെ അനുഭവസഞ്ചയത്തിലേക്കുള്ള കിളിവാതിൽ തുറക്കുന്ന, വായ്മൊഴിവഴക്കത്തിൽ പതിഞ്ഞ, ചില കഥകൾ താഴെ കൊടുക്കുന്നു. കെ.പി.എസ്. മേനോന്റെ 'കഥകളിരംഗ'ത്തിലും മറ്റുപല കഥകളി ഗ്രന്ഥങ്ങളിലും ഇവയിൽ പലതും രേഖപ്പെടുത്തിയിട്ടുണ്ട്. നർമ്മത്തിനപ്പുറം കളിയുടെ മർമ്മത്തെ തൊട്ടുണർത്തുന്നവയാണ് ഈ നുറുങ്ങുകൾ.

### 1. ചുകന്ന താടി

ആശാരി കോപ്പൻ നായർ എന്ന പേരുകേട്ട നടന്റെ പുത്രനായിരുന്നു നാണു നായർ. തുടക്കത്തിൽ അദ്ദേഹത്തിന്റെ വേഷങ്ങൾ അത്ര ആകർഷകങ്ങളായിരുന്നില്ല. എങ്കിലും അച്ഛന്റെ ശിക്ഷണത്തിലും വാഴേങ്കട കുഞ്ചുനായരുടെ സ്വാധീനത്തിലും പില്ക്കാലത്ത് അദ്ദേഹം നടനെന്ന നിലയിൽ ഖ്യാതി നേടി. ചുകന്ന താടിയായിരുന്നു അദ്ദേഹത്തിന്റെ പ്രസിദ്ധവേഷം. മുൻഗാമികളായ താടിവേഷക്കാർക്കില്ലാതിരുന്ന പല ശബ്ദവിശേഷങ്ങളും അലർച്ചയിൽ നാണുനായർ കൊണ്ടുവന്നിരുന്നു. ഇത് പാത്രസ്വഭാവത്തിന്റെ വ്യത്യസ്തധ്വനികളായിരുന്നു.

കലയിലെന്നപോലെ ജീവിതത്തിലും നാണുനായർ ഫലിതപ്രിയനായിരുന്നു. ദേശീയ ബഹുമതി കിട്ടിക്കഴിഞ്ഞുണ്ടായ ഒരനുമോദനച്ചടങ്ങിൽ അദ്ദേഹത്തിന്റെ മറുപടി പ്രസംഗം ഇങ്ങനെയായിരുന്നു :

> 'കഥകളി എന്ന പെണ്ണിന് നാല് മക്കളാ. മൂത്തോൾ സാധുവാണ്. കടിഞ്ഞൂൽപൊട്ടൻ. അവനാണ് പച്ച. രണ്ടാമത്തോൾ ത്തിരി ഉശിരനാ. അവനാണ് കത്തി. മൂന്നാംകാല് പെണ്ണാ. നാലാമത്തോനൊരു ഒരുമ്പോക്കനാ. അവനാണ് ചോന്നാടി. ഈ ഒരുമ്പോക്കനും അംഗീകാരം ലഭിച്ചതാണ് അദ്ഭുതം!'

### 2. അലർച്ചയ്ക്ക് അഞ്ചു പണം

കുത്തന്നൂർ ഗോവിന്ദപ്പണിക്കർ ചുവന്ന താടിക്കാരിൽ മുമ്പനായിരുന്നു. വേഷത്തിന്റെ ഗാംഭീര്യവും അലർച്ചയുടെ കാഠിന്യവും വേറൊരു താടിക്കും അത്ര ഉണ്ടായിരുന്നില്ലത്രേ. ഒരുകളിക്ക് ഗോവിന്ദപ്പണിക്കരുടെ ബകൻ ഉണ്ടായി. കളത്തിന്റെ തൊടിയിൽ ഉത്സവത്തിനെഴുന്നള്ളിക്കുവാൻ ഒരു ആനയെ ചങ്ങലയ്ക്കിട്ടിരുന്നു. ബകന്റെ അലർച്ചകേട്ട് അരങ്ങത്തുണ്ടായിരുന്നവർ ആസകലം ഞെട്ടിവിറച്ചു. ആന വിരണ്ട് ചങ്ങലപൊട്ടിച്ച് ഓടി. ആനക്കാരൻ അതിനെ പിടിച്ചുനിർത്തുവാൻ വളരെ ആയാസപ്പെടേണ്ടിവന്നു.

ഒരിക്കൽ കളിക്കു ക്ഷണിക്കുവാൻ വന്ന ആളോട് 'അലർച്ചയ്ക്ക് അഞ്ചുപണം വീതം തന്നാലേ വരാനൊരുക്കമുള്ളൂ' എന്ന് പണിക്കർ പറഞ്ഞു. ഗത്യന്തരമില്ലായ്കയാൽ അത് സമ്മതിച്ച് അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയി. അന്നുണ്ടായ കളിക്ക് ബാലിയുടെ അതിഘോരമായ അലർച്ചകൾ കേട്ട് സ്ത്രീകളിൽ ചിലർ മോഹാലസ്യപ്പെടുകയും കുട്ടികൾ പേടിച്ച് നിലവിളിക്കുകയും ചെയ്തു. കളികഴിഞ്ഞ് വലിയ നമ്പൂതിരിപ്പാട് പണിക്കരെ വിളിച്ചു. വിനയത്തോടെ പണിക്കർ ഉണർത്തിച്ചു.

> 'അവിടുത്തെ ആളോട് എന്തോ വിഡ്ഢിത്തം പറഞ്ഞു. തിരുവുള്ളക്കേട് തോന്നരുത്'
>
> 'അത് സാരമില്ല. അലർച്ചക്ക് അഞ്ച് പണം മാത്രം നിശ്ചയിച്ചത് ശരിയായില്ല. ഗോവിന്ദന്റെ അലർച്ചയ്ക്ക് വിലമതിച്ചുകൂടാ'.

### 3. 'അടിയൻ ദുര്യോധനൻ'

അമ്പാട്ട് ശങ്കരമേനോൻ എന്നൊരു നടനുണ്ടായിരുന്നു (1026). വേഷപ്പകർച്ച, രംഗശ്രീ, രസവാസന, മെയ്യ്, ചൊല്ലിയാട്ടത്തിന്റെ ചിട്ട തുടങ്ങിയ എല്ലാ ഗുണങ്ങളും അദ്ദേഹത്തിൽ ഒത്തു ചേർന്നിരുന്നു. ശങ്കരമേ

നോന്റെ ആദ്യവസാന പച്ച വേഷങ്ങളെല്ലാം അതിവിശേഷമായിരുന്നു. അർജ്ജുനൻ (കാലകേയവധം), രണ്ടാം ദിവസത്തെ നളൻ, കീചകൻ, ഉദ്ഭവത്തിലും വിജയത്തിലും രാവണൻ, ചെറിയ നരകാസുരൻ എന്ന വയെല്ലാം അദ്ദേഹത്തിന്റെ പ്രസിദ്ധവേഷങ്ങളായിരുന്നു. അദ്ദേഹം 'ഹാ ഹാ കരോമി' ആടുന്നത് കണ്ടിട്ട് കാഴ്ചക്കാർ കരഞ്ഞുപോയിട്ടുണ്ട്.

അക്കാലത്ത് ചില പ്രമാണിമാർ നടന്മാരോട് അടിമകളോടെന്നപോലെ പെരുമാറിയിരുന്നു. സേവയ്ക്ക് വേണ്ടി നടന്മാർ അനുസരിച്ചും പോന്നു. ശങ്കരൻ നായർക്ക് ആ മനോഭാവം ഉണ്ടായിരുന്നില്ല. കോട്ടയ്ക്കൽ വെച്ചൊരു കളി. ഉത്തരാംസ്വയംവരം കഥ. സന്ദർഭവശാൽ തമ്പുരാൻ എഴുന്നെള്ളാൻ വൈകി. വന്നപ്പോഴേക്കും ശൃംഗാരപദം കഴിഞ്ഞിരുന്നു. പതിഞ്ഞപദം വീണ്ടും ആടണമെന്ന് തമ്പുരാൻ പറഞ്ഞയച്ചു. ശങ്കരമേനോൻ കല്പന കേട്ടതായി നടിച്ചില്ല. ആട്ടം തുടർന്നു.

ശങ്കരമേനോന്റെ ഏകലോചനം കാണാൻ കഴിയാത്തതിന്റെ ഇച്ഛാഭംഗവും പരസ്യമായി തന്റെ ആജ്ഞ ലംഘിച്ചതിന്റെ ദേഷ്യവും തമ്പുരാനുണ്ടായി. ദുര്യോധനന്റെ രംഗം കഴിയുംവരെ കളികണ്ടു. കല്പനപ്രകാരം പിറ്റേന്ന് ശങ്കരമേനോൻ തമ്പുരാന്റെ മുമ്പാകെ ചെന്ന് ആചാരപൂർവം തൊഴുതു. ധിക്കാരത്തിന് തക്ക പിഴ കിട്ടുമെന്ന് എല്ലാവർക്കും തീർച്ചയുണ്ടായിരുന്നു.

തമ്പുരാൻ : എന്തേ ശങ്കരൻ ഇന്നലെ പതിഞ്ഞപദം ആടാഞ്ഞത്?

ശങ്കരൻ : പതിഞ്ഞപദം അടിയൻ അടിയിരിക്കുന്നു. ഒരിക്കൽ ആടിയത് പിന്നെ കാണിക്കുക പതിവില്ല.

തമ്പുരാൻ : ഞാൻ പറഞ്ഞാൽ ശങ്കരൻ കേൾക്കണ്ടേ?

ശങ്കരൻ : ശങ്കരൻ കേൾക്കണം. അടിയൻ ദുര്യോധനനായിരുന്നി ല്ലോ.

സംഭാഷണം നീണ്ടു. വ്യക്തിയും കലാകാരനും രണ്ടാണെന്നാണ് ആ മഹാനടൻ ബോധിപ്പിച്ചത്. വ്യക്തിക്ക് തമ്പുരാനുണ്ട്, പക്ഷേ പാത്രത്തിനതില്ല!

**4. പവനെന്താ വില?**

കുഞ്ചുക്കർത്താവ് നാട്യവിദ്യയിൽ സജീവപ്രതിഷ്ഠ നേടിയ മഹാനടനായിരുന്നു. വേഷപ്പകർച്ച, വേഷഭംഗി, മെയ്യ്, കയ്യ്, രസവാസന, ഫലിതം തുടങ്ങിയ അപൂർവ സിദ്ധികൾ അദ്ദേഹത്തിനുണ്ടായിരുന്നു. കർത്താവ് സുഭദ്രാഹരണത്തിൽ 'കുത്ര വദ' ആടുമ്പോൾ കണ്ണുകളിൽ നിന്ന് തീപ്പൊരികൾ പറക്കുന്നതുപോലെ തോന്നുമായിരുന്നു. ഒരവസരത്തിൽ വഴിയിൽ നിന്ന് പോക വൈകാതെ, വാനരാധമ എന്ന പദമാടുമ്പോൾ കർത്താവിന്റെ മുഖത്ത് ഉജ്ജ്വലിച്ചിരുന്ന രൗദ്രസ്ഫുരണം കണ്ട് ഭയന്ന് ഹനുമാൻ കെട്ടിയ നടൻ, പ്രകൃതം മറന്ന്, എഴുന്നേറ്റോടിയത്രേ! 'സലജ്ജോഹം' ഇത്ര ഭംഗിയായും കണക്കായും ആടുന്നതിൽ അദ്ദേഹത്തിന് തുല്യന്മാർ ആരുമുണ്ടായിരുന്നില്ല.

ഒ. ചന്തുമേനോന് കർത്താവിനെ വലിയ ഇഷ്ടമായിരുന്നു. ഒരിക്കൽ ഒയ്യാരത്തുവെച്ച് ഒരുകളി ഉണ്ടായി. ചന്തുമേനോൻ വിളക്കിനടുത്തു തന്നെ ഒരു കസേരയിൽ ഇരിക്കുന്നു. കർത്താവിന്റെ രാവണൻ. പതിഞ്ഞ പദത്തിലെ 'കരവിംശതി' അഭിനയിച്ചത് ചന്തുമേനോന് വളരെ രസകരമായിതോന്നി. ആ രംഗം കഴിഞ്ഞ ഉടനെ അടുത്തുണ്ടായിരുന്ന കുഞ്ഞമ്പുനായരോട് ചോദിച്ചു :

'ജ്യേഷ്ഠാ, പവന് എന്താണ് ഇപ്പോൾ വില'?

'പത്തര ഉറുപ്പിക'

കോലായിൽ കളികാണാനിരുന്നിരുന്ന ഭാര്യയോട് പത്തര ഉറുപ്പിക ഉടനെ എടുത്തയക്കാൻ ചന്തുമേനോൻ നിർദ്ദേശിച്ചു. അതുവാങ്ങി ഓരോ ഉറുപ്പികയായി അദ്ദേഹം കർത്താവിന്റെ കയ്യിലിട്ടുകൊടുത്തു!

**5. പൂതനകൃഷ്ണൻ തന്നെ!**

രംഗമുണർന്നു: മേളത്തിനു ചെണ്ടയും കൂടി.

പൂതനയുടെ മുഖഭാവമൊക്കെ മാറിയിരിക്കുന്നു. ചിരിയും ശൃംഗാരവുമെല്ലാം കൃത്രിമമായിത്തോന്നുന്നു. അവൾ കുട്ടിയെ എടുത്തു കാലുനീട്ടിയിരിന്നു. മുലകൊടുക്കാൻ തുടങ്ങി. ആ ഇരിപ്പുകണ്ടു സ്ത്രീകളൊക്കെ അസൂയപൂണ്ടതുപോലെ തോന്നി. പൂതനയുടെ മുല ചുരന്നു. കുട്ടി കൂടെ കൂടെ കുടിച്ചതുകൊണ്ടായിരിക്കാം മുലപ്പാൽ കുട്ടിയുടെ നെറുകയിൽക്കയറി. അവൾ കുട്ടിയെ മുലകുടിയിൽ നിന്നു വിടർത്തി നേരെയെടുത്തു നെറുകയിലൂതി പതുക്കെകൊട്ടി. സ്നേഹത്തോടെ ശകാരിച്ചു,

"ഇങ്ങനെ തെരുതെരെ കുടിയ്ക്ക്യേ? ആഃ"

കൈ ചെറുതായൊന്നോങ്ങി,ചിരിച്ചുകൊണ്ട്.

വലത്തെ മുല കുടിപ്പിക്കാനായി കുട്ടിയെ തല മാറ്റിക്കിടത്തി. ഇരിപ്പും ഒന്നു മാറ്റി. ഇടതുകൈ പിന്നാക്കം കുത്തി വലതുകൈകൊണ്ടു കുട്ടിയെ താങ്ങി അല്പം പുറകോട്ട് വലിഞ്ഞ് എന്തോ ആലോചിച്ചുകൊണ്ട് അവളിരിപ്പായി. അല്പനേരം കഴിഞ്ഞപ്പോൾ പൂതന ഒന്നു ഞെട്ടി പരിഭ്രമിച്ചു. എന്തുപറ്റി? കുട്ടിയെ അകത്തിപ്പിടിപ്പിച്ചതു കണ്ടപ്പോൾ കാണികളൊക്കെ ഉറക്കെ ചിരിക്കുന്നു. ഞാനും ചിരിച്ചു. കുട്ടി മൂത്രമൊഴിച്ചു വത്രെ. എത്ര മൂത്രാ? പൂതന അതെല്ലാം തുടച്ചുകളഞ്ഞു. ഉടുത്ത വസ്ത്രത്തിലുമായി. അതു പിഴിഞ്ഞു കുടഞ്ഞു. പൂതനയുടെ സ്ത്രീത്വത്തിന്റെ തനിമയിൽ പെണ്ണുങ്ങളെല്ലാം അസൂയപ്പെടുന്നു.

'ഇനി താമസിച്ചാൽ പറ്റില്ല.'

പൂതന സ്വയം പറഞ്ഞു. അവൾ അരയിലെവിടെയോ ഒളിപ്പിച്ചുവെച്ചിരുന്ന എന്തോ എടുത്തു മുലയിൽ പുരട്ടി-വിഷമാണത്രെ. വീണ്ടും മുലകൊടുക്കാൻ തുടങ്ങി. ഇത്രയുംനേരമില്ലാതിരുന്ന ഒരു വ്യഗ്രതയോടെയാണിപ്പോൾ മുലയൂട്ടുന്നത്.അല്പനേരം അങ്ങനെയിരിക്കവേ പൂതനയ്ക്ക് ഒരു മയക്കം. കണ്ണടയുന്നു, തല താഴുന്നു. ഒരു നീണ്ട കോട്ടുവായിട്ടു. കുട്ടിയുടെ മുഖത്തിനടുത്തു രണ്ടുവട്ടം ഞൊടിച്ചു.
എന്തോ ഒരസുഖം അവൾക്ക്. തല വേദനിക്കുന്നു. തലയിലവിടെയിവിടെ അമർത്തി. തല ചൊറിയുന്നതായി തോന്നി. മാന്തി-ക്റേ, ക്റേ-തലയിൽ മാത്രമല്ല, മൂക്കും. ഉള്ളംകൈ പരത്തിപ്പിടിച്ച് സൂക്ഷിച്ചുനോക്കി. കർണ്ണഞരമ്പിനുമുണ്ട് വേദന. പതുക്കെ തടവി. ഇളിഞ്ഞ മുഖം; കാണികൾക്കും എന്തോ ഒരു വല്ലായ്മ.

കാലിന്റെ തുട കൊളുത്തിവലിക്കുന്നു. അയ്യോ! കൈകൊണ്ട് കാൽ ഞെക്കി. വിരലുകൾ പൊട്ടിച്ചു നോക്കി. ഞൊടിഞ്ഞുവോ ആവോ. ആകെ ഒരു സ്വൈരക്കേട്. കുട്ടിയെ മുലയിൽനിന്നല്പം വിടർത്തിയാലൽപം ഭേദമുണ്ടാവും. വിടർത്താൻ നോക്കി. സാധിക്കുന്നില്ല. വല്ലാതെ വിയർക്കുന്നു. ഉത്തരീയംകൊണ്ട് വീശിനോക്കി. ഹാവൂ വല്ലാത്ത ക്ഷീണം."മുല വിടൂ, കുഞ്ഞേ." നല്ല വാക്കു പറഞ്ഞുനോക്കി. അകറ്റിനോക്കി. അപേക്ഷിച്ചു. വിടുന്നില്ല. അവന്റെ കഴുത്തു പിടിച്ചു വലിച്ചു. അയ്യയ്യോ! മുലയും വലിയുകയാണ്. മുലകുടിയുടെ തിരക്കാണ് കുട്ടിക്ക്. അരിശംകൊണ്ട് കുട്ടിയുടെ തലയ്ക്കിട്ടിടിക്കാൻ കൈ പൊക്കി. ആകെ മരവിച്ചിരിക്കുന്നു. കൈ വികൃതാകൃതിയിൽ വളയുന്നു, കോടുന്നു, "അയ്യോ, ഹാവൂ."

വേദന കൂടിക്കൂടിവരികയാണ് പൂതനയ്ക്ക്. കാൽ കഴയ്ക്കുന്നു. ഉരുട്ടിക്കേറ്റുന്നു. കാൽ മടക്കുകയും നിവർത്തുകയും തറയിൽവെച്ചുരയ്ക്കുകയും ചെയ്യുന്നു. വാരിയെല്ല് പൊളിയുന്നു. അങ്ങേട്ടുമിങ്ങോട്ടും തുറിച്ചുനോക്കുന്നു. അയ്യോ "ഹയ്യോ ഹാവൂ." കിതയ്ക്കുന്നു. തലയ്ക്കടിക്കുന്നു. കുട്ടിയുടെ കാൽ കടിക്കുന്നു. തല നിലത്തിട്ടടിക്കുന്നു. തലമുടി പിടിച്ചു കടിക്കുന്നു. കുട്ടിയുടെ കൈപ്പടം മുഴുവൻ പൂതനയുടെ വായിലാണ്. കടിച്ചുമുറിക്കുമോ? പൂതന നാക്കുനീട്ടുന്നു. എഴുന്നേൽക്കാൻ ഭാവിക്കവേ ശക്തികിട്ടാതെ മറിഞ്ഞു വീഴുന്നു. കിടന്ന കിടപ്പിലിഴയുന്നു.

അഹോ കഷ്ടം!

പൂതനയുടെ മരണസഞ്ചാരം കാണുകവയ്യ. കാണികളൊക്കെ പൂതനയേക്കാൾ വേദന തിന്നുന്നു. ഒളപ്പമണ്ണമനയ്ക്കലെ നാലുകെട്ടാകുന്ന അമ്പാടിയിൽ കടന്നുകൂടിയ പൂതനയുടെ ദുസ്ഥിതിയിൽ ഖേദഭയങ്ങൾ പൂണ്ട് അന്തർജനങ്ങളാകുന്ന ഗോപികമാർ നാമജപം തുടങ്ങി, "കൃഷ്ണാ കൃഷ്ണാ, കൃഷ്ണ കൃഷ്ണാ......."

അതാ നിലത്തു കിടന്നിഴയുന്ന പൂതന മുഖത്ത് കരിതേച്ച് തലമുടി വിതറി ദംഷ്ട്രകൾ കടിച്ച് അലറിക്കൊണ്ട് അതിഭയങ്കരിയായ രാക്ഷസീരൂപം ധരിച്ചെഴുന്നേല്ക്കുന്നു. ആ സത്വം അരങ്ങത്തങ്ങുമിങ്ങും പരക്കം പായുകയാണ്.

അധികം കഴിയുംമുമ്പ് എല്ലാം തീർന്നു. അവൾ നിശ്ചലയായി. ശ്വാസം മുഴുവൻ പോയിട്ടില്ല. ആകാശവീഥിയിൽ എന്തോ ഒരു തേജസ്സു കണ്ടതുപോലെ ഭക്ത്യാദരങ്ങളോടെ അവൾ ഇമവെട്ടാതെ തുറിച്ചുനോക്കി നിൽക്കുന്നു. ഊർദ്ധ്വശ്വാസം വലിക്കുന്നു. വലന്തലയിൽ 'ണ്ടിം ണ്ടിം' നാദം മുഴങ്ങി. ശംഖനാദവും കേൾക്കുന്നു. പൂതനയ്ക്ക് മോക്ഷം ലഭിച്ചു. ശ്വാസമടങ്ങിയതോടെ ഒരു കൂറ്റൻ പർവ്വതംപോലെ അവൾ മലർന്നടിച്ചു വീണു.

നിശ്ശബ്ദത ഭജ്ഞിച്ചുകൊണ്ട് അന്തർജ്ജനങ്ങളുടെ നാമജപം വീണ്ടുമുയർന്നു. "കൃഷ്ണ കൃഷ്ണാ, കൃഷ്ണ കൃഷ്ണാ...."

"എവിട്യാ? അവനെ ങ്ട് വിളിക്ക് ആ." വലിയ തമ്പുരാട്ടിയാണ്.

"ക്ഷ്യായി. കാണണംച്ചട്ട് തന്യാ. ഒന്നാന്തരമായി. സംശല്ല്യ.
പൂതനക്കൃഷ്ണൻതന്നെ."

### 6. അന്ത്യാഭിലാഷം

അനിതരസാധാരണമായ രംഗശ്രീയും രസവാസനയുമുണ്ടായിരുന്ന നടനായിരുന്നു ഇട്ടിരാരിച്ചമേനോൻ.

ഒളപ്പമണ്ണക്കളിയോഗത്തിലെ ആദ്യവസാനക്കാരൻ അദ്ദേഹമായിരുന്നു. ഒളപ്പമണ്ണ മനയ്ക്കൽ നാരായണൻ നമ്പൂതിരിപ്പാട് സാത്വികനും കലാരസികനുമായിരുന്നു. 1076-ൽ അദ്ദേഹം അന്തരിച്ചു. മരണം ആസന്നമായിരുന്നപ്പോൾ അദ്ദേഹത്തെ ചികിത്സിച്ചിരുന്ന തൈക്കാട് മൂസ്സ് ചോദിച്ചു - 'നമ്പൂതിരിക്കെന്തിനാണ് മോഹം? മോഹമുള്ളത് എല്ലാം ഇനി ആവാം'.

'എനിക്കാ ട്യാരശ്ശാന്റെ കത്തി ഒന്നു കാണണം'.

കണ്ടിട്ട് മതിവരാത്തത് ഇതൊന്നേ ഉണ്ടായിരുന്നുള്ളൂ, അദ്ദേഹത്തിന് !

**7. വള്ളത്തോൾ**

മഹാകവി വള്ളത്തോളിന്റെ അന്നത്തെ കലാമണ്ഡലത്തിന് ഒരു പൊതുവിദ്യാലയത്തിന്റെ 'പവറ്'ല്ല ഉണ്ടായിരുന്നത്. ഒരു തറവാടിന്റെ നിലയും വിലയുമായിരുന്നു. തെറ്റുകളും കുറ്റങ്ങളും ചോദ്യങ്ങളും മറുപടികളും നടപടികളുമെല്ലാം ഉണ്ടാകും. എങ്കിലും ഒരു തറവാട്ടിൽക്കാരണവർ അനന്തിരവർക്കു നൽകുന്ന രീതിയിലായിരുന്നു അവയെല്ലാം. ശിക്ഷകളിൽ ഏറ്റവും വലിയത്, 'എന്നാൽ അവനു ചോറു കൊടുക്കണ്ട' എന്നതാണ്. വിശപ്പ് തുടങ്ങിയാൽ കുറ്റവാളി ക്ഷീണിതനും പീഡിതനുമായി മഹാകവിയുടെ സന്നിധിയിലെത്തും. ആ കുട്ടിയെ കാണുന്നതോടെ അദ്ദേഹത്തിന്റെ മനസ്സലിയും. കിളറിയ പരുത്ത സ്വരത്തിൽ ശാസിക്കും:

"തോന്ന്യാസം കാട്ടിയാൽ പുറത്തു പോകേണ്ടിവരും. പരമേശ്വരാ! ഇവനു ചോറു കൊടുക്കാൻ പറയ്ആ."-തീർന്നു.

കഥകളിയോടുള്ള ഭ്രമവും ബഹുമാനവുംകൊണ്ട് അതിന്റെ സന്തതികളോടും അദ്ദേഹത്തിനു പ്രത്യേകം വാത്സല്യമാണ്. ഇടയ്ക്കിടെ ആശാനോട് ഓരോരുത്തരേയും പറ്റി ചോദിക്കും: "ഇന്നവൻ എങ്ങനെ? നന്നാവോ?" ആശാന്റെ മറുപടി തൃപ്തികരമാണെങ്കിൽ ആ കുട്ടിയുടെ പ്രവൃത്തിയിൽ കൂടുതൽ ശ്രദ്ധിക്കും. പാട്ടും കൊട്ടും മാത്രമേയുള്ളുവെങ്കിലും മേളപ്പദത്തിനിടയ്ക്ക് അരങ്ങത്തു കയറിവന്ന എല്ലാവരുടേയും ഇടയിൽ നിൽക്കും. ചെവി കേൾക്കാത്ത ആളാണെന്നു മറ്റുള്ളവർക്കു തോന്നില്ല, ആസ്വദിക്കുന്ന ഭാവം കണ്ടാൽ. തല കുണുക്കും, താളം പിടിക്കും. അതൊന്നും അസ്ഥാനത്താവുകയുമില്ല.

അക്കാലങ്ങളിൽ ചൊല്ലിയാട്ടക്കളരിയിൽ ഏറെക്കുറെ എന്നും അദ്ദേഹം വരാറുണ്ടായിരുന്നു. അർത്ഥം മനസ്സിലാക്കാതെയാണ് മുദ്ര കാണിക്കുന്നതെന്നു തോന്നിയാൽ പദങ്ങൾ വ്യാഖ്യാനിച്ചുകൊടുക്കും. അർത്ഥത്തിനൊത്തു മുദ്ര പൂർത്തിയാവുന്നില്ലെങ്കിൽ തിരുത്തിക്കാണിച്ചുകൊടുക്കും. പ്രത്യേകം മുദ്രയില്ലാത്ത പദാർത്ഥത്തിന് തദനുസൃദതമായ മുദ്രക്കൈ സൃഷ്ടിക്കും.

'എവിടെ' എന്നും 'എവിടെനിന്ന്' എന്നും മുമ്പ് ഒരുപോലെയാണു കാട്ടിയിരുന്നത്. 'എവിടെനിന്ന്' എന്നതിലെ 'നിന്ന്' എന്നതിന്റെ പൂർത്തിക്ക് ഒരു പ്രത്യേകമുദ്രകൂടി ചേർത്തു കാണിക്കാൻ മഹാകവി നിർദ്ദേശിച്ചു. 'പാർത്ഥിവേന്ദ്ര, ഞാനിവിടെനിന്നു തിരിച്ചു,' 'വഴിയിൽനിന്നു പോക' ഇത്യാദികളിലുള്ള 'നിന്ന്' എന്നതിനു മഹാകവി നിർദ്ദേശിച്ച പുതിയ മുദ്ര ഇന്നു പരക്കെ നടപ്പായിട്ടുണ്ട്. ഇങ്ങനെ നിരവധിയുണ്ട്.

പദം കഴിഞ്ഞശേഷമുള്ള ഇളകിയാട്ടങ്ങൾക്കു സ്വന്തം കവിതകളിലെ ശ്ലോകങ്ങൾ അദ്ദേഹം ആടിക്കാറുണ്ട്:

ആശാനില്ലാത്ത ഒരു സാദ്ധ്യായദിവസം. വെളുപ്പാൻകാലത്തു വിദ്യാർത്ഥികൾ ആരും ഉണർന്നില്ല. മഹാകവി എന്നും വെളുപ്പിന് ഉണരും. ഉണർന്നാൽ ആദ്യം അന്വേഷിക്കുക, കലാമണ്ഡലത്തിൽനിന്നു കൊട്ടു കേൾക്കുന്നുണ്ടോ എന്നായിരിക്കും. അന്നു ശബ്ദമൊന്നും കേൾക്കാനില്ലെന്നറിഞ്ഞ ഉടനെ അദ്ദേഹം സ്ഥലത്തെത്തി. എല്ലാവരേയും വിളിച്ചുണർത്തി. എല്ലാവരും ബദ്ധപ്പെട്ടു പിടഞ്ഞെഴുന്നേറ്റ് കുറ്റബോധത്തോടെ നിന്നു.

"എന്താ കഥ? നേരം വെളുത്തില്ലേ? ആശാനില്ലെന്നുവച്ച് ഇങ്ങനെ മടി കാണിച്ചാലോ?"

പതിവിലധികം പരുപരുപ്പുണ്ടായിരുന്നു, ആ ശബ്ദത്തിന്. കണ്ണും ഉരുട്ടിയിരുന്നു. വിദ്യാർത്ഥികൾ എല്ലാവരും ആശങ്കയോടെ താന്താങ്ങളുടെ സാധകമാരംഭിച്ചു.

**8. 'കാടേ ഗതി നമുക്ക്'**

കേരളേശ്വരൻ എന്ന് പുകൾപെറ്റ പഴശ്ശി രാജാവാണ് കോട്ടയം കഥകൾ രചിച്ചത് എന്ന് വിശ്വസിച്ചുവരുന്നു. വടക്കൻ കേരളത്തിലെ കോട്ടയമാണിത്. രാജ്യമുപേക്ഷിച്ച് വനത്തിൽ വസിച്ച് ബ്രിട്ടീഷുകാരോട് പൊരുതി അദ്ദേഹം വീരചരമം പ്രാപിക്കുകയാണുണ്ടായത്. കോട്ടയം തമ്പുരാന്റെ ബകവധത്തിൽ അർജ്ജുനന്റെ പ്രസിദ്ധമായ ഒരു പദമുണ്ട് - കാടേ ഗതി നമുക്ക് ............................

പാണ്ഡവന്മാരുടെ വനവാസമാണ് വിഷയം. ഈ വാകൃത്തിൽ കവിക്ക് അറം പറ്റിപ്പോയി എന്നും അങ്ങനെ വനവാസം വരിക്കേണ്ടിവന്നു എന്നും പരക്കേ ജനങ്ങൾ വിശ്വസിക്കുന്നു.

9. കാമദേവന്റെ വേഷം

10. ചരലല്ല വാരിവിതറുന്നത്

കഥകളിമേളത്തെ ഭാവാനുസാരി ആക്കിയതിൽ കലാമണ്ഡലം കൃഷ്ണൻ കുട്ടിപ്പൊതുവാൾക്ക് വലിയ പങ്കുണ്ട്. അനുഭവങ്ങളിൽ നിന്നാണ് ആ പാഠം അദ്ദേഹം ഉൾക്കൊണ്ടത്. ആ അനുഭവങ്ങൾ പൊതുവാളാശാൻ അയവിറക്കുന്നതിങ്ങനെയാണ് -

> 1943-ൽ കോയമ്പത്തൂർ സെൻട്രൽ സ്റ്റുഡിയോവിൽ വെച്ച് കലാമണ്ഡലം ട്രൂപ്പിന്റെ കഥകളി ഫിലിമിലേക്ക് പകർത്തുകയുണ്ടായി. കഥ സമ്പൂർണ്ണ ദുര്യോധനവധമായിരുന്നു. ഗീതോപദേശരംഗത്തെ ഷൂട്ടിംഗ് നടക്കുകയാണ്. മേളം പൊടിപൊടിപ്പനാവണം എന്ന ഉത്സാഹത്താൽ ഇടച്ചോർച്ച വരാത്തവിധം കൊട്ടിക്കൊട്ടി മറിക്കുകയാണ് ഞാൻ. ആ സമയത്ത് സംവിധായകൻ മധുബോസ് 'കട്ട് കട്ട്', സ്റ്റോപ്പ് എന്ന് രണ്ടുകൈകളുമുയർത്തി അലറി....
>
> 'എന്നപ്പായിത് ? കേള്. ശ്രീകൃഷ്ണപരമാത്മാ അർജുനനുക്ക് ഗീതയൈ ഉപദേശിക്കും പോത് മൊള്ളമെളവാ വാശി. അതിക്കപ്രം എക്കച്ചെക്കം വാശി. പുരിഞ്ച്താ'
>
> 'ഗീത ഉപദേശിക്കുമ്പോൾ മേളം നേർത്തും ഉപദേശം കേട്ട് അർജുനൻ കർമ്മോത്സുകനാകുമ്പോൾ മേളം കൊഴുത്തും വന്നപ്പോൾ ആ രംഗത്തിനുണ്ടായ ഭാവോത്ക്കർഷം വളരെ അദ്ഭുതകരമായി തോന്നി. മേളം ഭാവാത്മകമാകണമെന്നും സന്ദർഭോചിതമായി പ്രകടനത്തിൽ അത് വരുത്താൻ കഴിയുമെന്നും അന്ന് ആദ്യമായാണ് ഞാൻ ധരിക്കുന്നത്. ഇന്ന് എന്റെ കഥകളിമേളത്തിൽ ഭാവത്തിന്റെ അംശമുണ്ടെങ്കിൽ അതിന്റെ ആദ്യഗുരു ആ സിനിമാസംവിധായകൻ മധുബോസ് അവർകളാണ്'

പൊതുവാൾ അന്ന് ആരബ്ധയൗവനനാണ്-19 വയസ്സ്. അനുഭവങ്ങളുടെ തുടക്കമായിരുന്നു അത്. നാട്യാചാര്യനിൽ നിന്ന് പഠിച്ച പാഠം മറ്റൊരവസരത്തിൽ അദ്ദേഹം അനുസ്മരിക്കുന്നതിങ്ങനെയാണ്.

> 'കളരിയിൽ കിർമ്മീരവധത്തിൽ ധർമ്മപുത്രരുടെ ഭാഗം ചൊല്ലിയാടിക്കുകയാണ്, രാവുണ്ണി മേനോനാശാൻ. ബാലേ, കേൾ നീ എന്ന പതിഞ്ഞപദത്തിൽ മണമിയലും നവകുസുമാസ്തരണേ എന്ന ഭാഗത്ത് കുസുമങ്ങൾ വിതറുന്നതിന് ഞാൻ ചെണ്ടയിൽ ഉർർർ എന്നിങ്ങനെ ഉരുട്ടി. ആ ഉരുട്ടലിന്റെ കനം ആശാന് സഹിച്ചില്ല. അദ്ദേഹം ചൊല്ലിയാടിക്കൽ നിറുത്തി എന്റെ അടുത്തുവന്നു. ഇവിടെ ചരലല്ല വാരിവിതറുന്നത്, വാസനയുള്ള പുഷ്പങ്ങളാണ് എന്ന് എന്നെ ഓർമ്മിപ്പിച്ചു. അടുത്തയാവർത്തനയിൽ ആ ഉരുട്ടലിന് ഞാനറിയാതെതന്നെ എന്തോ ഒരു മയം വന്നതായി എനിക്ക് തന്നെ അനുഭവപ്പെട്ടു'

--------------------